**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 13.03.2026**

## പ്രധാനവാർത്തകൾ

1. പിഎം കിസാൻ സമ്മാൻ നിധിയുടെ 22-ാം ഗഡു പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഗുവാഹത്തിയിൽ വിതരണം ചെയ്യും.

2. സംസ്ഥാനത്ത് നിയമസഭ തിരഞ്ഞെടുപ്പിൽ 85 ശതമാനത്തിൽ അധികം പോളിംഗ് ഉറപ്പാക്കുക എന്നതാണ് ലക്ഷ്യമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽകർ.

3. രാജ്യത്ത് ഇന്ധന വിതരണത്തിൽ പ്രതിസന്ധിയില്ലെന്ന് കേന്ദ്ര സർക്കാർ. പാചക വാതക സിലിണ്ടറുകളുടെ പ്രതിദിന വിതരണം നിരീക്ഷിക്കാൻ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുമെന്ന് സംസ്ഥാനം.

4. അർഹരായ 65,000 കുടുംബങ്ങൾക്കുള്ള മുൻഗണനാ റേഷൻ കാർഡുകൾ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് വിതരണം ചെയ്യും.

5. പശ്ചിമേഷ്യയിൽ സംഘർഷം തുടരുന്നു. പ്രതിസന്ധി രൂക്ഷമാകുന്നതിൽ ആശങ്ക അറിയിച്ച് ഐക്യരാഷ്ട്രസഭ.

6. ലോക പാരാ അത്ലറ്റിക്സ് ഗ്രാൻഡ് പ്രിക്സ് ജാവ് ലിൻ ത്രോയിൽ ഇന്ത്യയുടെ സുമിത് ആന്റിലിന് സ്വർണം.

***************************

RNU TVPM

## പ്രധാനമന്ത്രി - അസം

പിഎം കിസാൻ സമ്മാൻ നിധിയുടെ 22-ാം ഗഡു വിതരണം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അസമിലെ ഗുവാഹത്തിയിൽ നിർവഹിക്കും. 9 കോടി 32 ലക്ഷത്തിലധികം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 18,640 കോടി രൂപ കൈമാറും. രണ്ട് ദിവസത്തെ സന്ദർശനത്തിനായി അസമിലെത്തുന്ന പ്രധാനമന്ത്രി, കൊക്രജാറിൽ റെയിൽവേ കോച്ച് റിപ്പയറിംഗ് ഫാക്ടറിയുടെ ശിലാസ്ഥാപവും, മൂന്ന് പുതിയ റെയിൽവേ സർവീസുകളുടെ ഉദ്ഘാടനവും നിർവഹിക്കും.

*************************

## പാർലമെൻറ്

പാർലമെന്റിന്റെ ബജറ്റ് സമ്മേളനം തുടരുന്നു. വിവിധ വിഷയങ്ങളെച്ചൊല്ലിയുള്ള പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭ ഉച്ചയ്ക്ക് 2 മണി വരെ നിർത്തിവച്ചു. രാവിലെ 11 മണിക്ക് സഭ നടപടികൾ ആരംഭിച്ചപ്പോൾ, സ്പീക്കർ ഓം ബിർള ചോദ്യോത്തര വേള ആരംഭിക്കാൻ ശ്രമിച്ചെങ്കിലും പ്രതിപക്ഷ അംഗങ്ങൾ പ്രതിഷേധിക്കുകയായിരുന്നു. ലോക്സഭയിൽ ഉപധന്യാഭർത്ഥനകളിൽ ഇന്ന് ചർച്ചയും വോട്ടെടുപ്പും നടക്കും. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ചർച്ചയ്ക്ക് മറുപടി പറയും. രാജ്യസഭയിൽ നടപടികൾ പുരോഗമിക്കുകയാണ്.

RNU TVPM

*************************

## ഹർദീപ് സിംഗ് പുരി

രാജ്യത്ത് ഇന്ധന വിതരണത്തിൽ പ്രതിസന്ധിയില്ലെന്ന് കേന്ദ്ര സർക്കാർ. പെട്രോൾ, ഡീസൽ, മണ്ണെണ്ണ, വിമാന ഇന്ധനം, എന്നിവക്ക് ക്ഷാമമില്ലെന്ന് കേന്ദ്രമന്ത്രി ഹർദീപ് സിങ് പുരി അറിയിച്ചു. റിഫൈനറികൾക്ക് നൽകിയ നിർദേശത്തിന്റെ ഫലമായി ആഭ്യന്തര എൽപിജി ഉത്പാദനം 28 ശതമാനം

വർദ്ധിപ്പിച്ചു. 33 കോടി കുടുംബങ്ങൾക്ക് തടസ്സമില്ലാതെ പാചകവാതകം നൽകുകയാണ് സർക്കാരിന്റെ മുൻഗണനയെന്നും അദ്ദേഹം പറഞ്ഞു.

**************************

## മുഖ്യമന്ത്രി - യോഗം

സംസ്ഥാനത്തിന് അനുവദിച്ച ഗാർഹികേതര ഗ്യാസ് സിലണ്ടറുകളുടെ പരിധി ഉയർത്താൻ കേന്ദ്ര സർക്കാരിനോട് കേരളം ആവശ്യപ്പെടും. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇന്നലെ ചേർന്ന ഉന്നതതല യോഗത്തിലാണ് ഇത് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടത്. വ്യാവസായിക - ഗാർഹിക ഉപയോഗങ്ങൾക്ക് ആവശ്യമായ പാചക വാതക സിലണ്ടറുകളുടെ ദിനം പ്രതിയുള്ള ഉപഭോഗം, വിതരണം എന്നിവ നിരീക്ഷിക്കാൻ സംസ്ഥാന അടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കാനും യോഗത്തിൽ തീരുമാനിച്ചു.

RNU TVPM

**************************

## സിവിൽ സപ്ലൈസ് പരിശോധന (ഇൻട്രോ)

പാലക്കാട് ജില്ലയിൽ പാചകവാതക വിതരണത്തിൽ നേരിടുന്ന പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയാൻ ലക്ഷ്യമിട്ട് സിവിൽ സപ്ലൈസ് വകുപ്പ് പരിശോധന കർശനമാക്കി. ഇതിന്റെ ഭാഗമായി ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിൽ താലൂക്ക് സപ്ലൈ ഓഫീസർമാരുടെ പ്രത്യേക യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്......**

(വോയ്സ്)

**************************

## സി.ഇ.ഒ - തിരുവനന്തപുരം

നിയമസഭ തിരഞ്ഞെടുപ്പിൽ 85 ശതമാനത്തിൽ അധികം പോളിംഗ് ഉറപ്പാക്കുക എന്നതാണ് ലക്ഷ്യമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽകർ. തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ വിലയിരുത്താൻ തിരുവനന്തപുരത്ത് വിളിച്ചു ചേർത്ത യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിൽ നിന്നുമുള്ള ജനങ്ങൾ വോട്ട് രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പാക്കുമെന്നും ശ്രീ രത്തൻ യു കേൽകർ അറിയിച്ചു. ജില്ലാ കളക്ടർമാർ യോഗത്തിൽ പങ്കെടുത്തു.

***************************

## തീവ്ര വോട്ടർ പട്ടിക

സംസ്ഥാനത്ത് ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേരു ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്ലിക്കേഷൻ വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെ പേര് ചേർക്കാം.

***************************

## മുൻഗണനാ റേഷൻകാർഡ്

അർഹരായ 65,000 കുടുംബങ്ങൾക്കുള്ള മുൻഗണനാ റേഷൻ കാർഡുകളുടെ സംസ്ഥാനതല വിതരണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും. ഇതോടെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ

PRIU TVPM

മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റി നൽകിയ ആകെ കാർഡുകളുടെ എണ്ണം ഏഴ് ലക്ഷത്തി 16,692 ആയി.

**************************

## <u>തെരുവുനായ ശല്യം-ഇടുക്കി (ഇൻട്രോ)</u>

സംസ്ഥാനത്ത് എ.ബി.സി സെൻ്ററ്‍ ഇല്ലാത്ത ഏക ജില്ലയായ ഇടുക്കിയിൽ തെരുവുനായ ശല്യം അതിരൂക്ഷം. പ്രതിദിനം നിരവധി പേരാണ് തെരുവുനായകളുടെ കടിയേറ്റ് ആശുപത്രികളിൽ ചികിത്സ തേടുന്നത്. **വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ......**

(വോയ്സ്)

**************************

## <u>ബ്രേക്ക്</u>

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും....

(ബ്രേക്ക്)

RNU TVPM

**************************

## <u>പശ്ചിമേഷ്യ- സംഘർഷം</u>

യുഎസ്–ഇസ്രയേൽ സംയുക്ത സൈനിക നടപടിക്കെതിരെ ഇറാൻ രംഗത്തിറങ്ങിയതിനെ തുടർന്ന് രണ്ടാഴ്ച പിന്നിടുമ്പോഴും പശ്ചിമേഷ്യയിൽ സംഘർഷം ശക്തമായി തുടരുന്നു. മേഖലയിൽ പല ഭാഗങ്ങളിലും പുതിയ ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്തു. പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ ഗൾഫ് സഹകരണ കൗൺസിൽ രാജ്യങ്ങൾ അതീവ ജാഗ്രതയിലാണ്. അതെസമയം, പ്രതിസന്ധി രൂക്ഷമാകുന്നതിൽ ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ

അന്റോണിയോ ഗുട്ടെറസ് ആശങ്ക പ്രകടിപ്പിച്ചു. ആഗോള സമാധാനത്തിനും സുരക്ഷയ്ക്കും ഇത് വലിയ ഭീഷണിയാണെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി.

***************************

## ലോക പാരാ അത്ലറ്റിക്സ്

ന്യൂഡൽഹിയിൽ നടക്കുന്ന ലോക പാരാ അത്ലറ്റിക്സ് ഗ്രാൻഡ് പ്രിക്സിൽ ഇന്ത്യയുടെ സുമിത് ആൻ്റിലിന് സ്വർണ മെഡൽ. പുരുഷൻമാരുടെ ജാവ് ലിൻ ത്രോയിൽ 69.25 മീറ്റർ ദൂരം എറിഞ്ഞാണ് സുമിത്തിന്റെ മെഡൽ നേട്ടം. ഇതേ ഇനത്തിൽ പുഷ്പേന്ദർ സിങ്ങിന് വെള്ളിയും പൂനം റാമിന് വെങ്കലവും ലഭിച്ചു. പുരുഷൻമാരുടെ 400 മീറ്റർ ഓട്ടത്തിൽ സുബോധ് ഭട്ട് സ്വർണ മെഡൽ നേടി.

RIJU TVPM

***************************

## യോഗ മഹോത്സവ്

ഈ വർഷത്തെ അന്താരാഷ്ട്ര യോഗ ദിനത്തിലേക്കുള്ള 100 ദിവസത്തെ കൗണ്ട്ഡൗണിന് തുടക്കം കുറിക്കുന്നതിൻറെ ഭാഗമായി ന്യൂഡൽഹിയിൽ യോഗ മഹോത്സവ് ആരംഭിച്ചു. മൊറാർജി ദേശായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗ നടക്കുന്ന പരിപാടിയിൽ കേന്ദ്ര ആയുഷ് മന്ത്രി പ്രതാപ് റാവു ജാദവ് പങ്കെടുക്കുന്നുണ്ട്.

***************************

## വാനനിരീക്ഷണകേന്ദ്രം (ഇൻട്രോ)

രാജ്യത്ത് പൊതുവിദ്യാലയങ്ങളിൽ നിർമ്മിച്ച ഏറ്റവും വലിയ വാനനിരീക്ഷണ കേന്ദ്രം മലപ്പുറം താനൂർ ഫിഷറീസ് ഹയർ സെക്കൻ്ററി സ്കൂളിൽ സജ്ജമായി. വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും, ഗവേഷകർക്കും ഒരുപോലെ ഉപയോഗിക്കാവുന്ന തരത്തിലാണ് വാനനിരീക്ഷണ കേന്ദ്രം

സ്ഥാപിച്ചിരിക്കുന്നത്. ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്....

(വോയ്സ്)

***************************

## സൗജന്യ ഡയാലിസിസ് സെന്റർ

തിരുവനന്തപുരം പഴവങ്ങാടി ശ്രീഗണപതിക്ഷേത്രം പുതുതായി ആരംഭിച്ച സൗജന്യ ഡയാലിസിസ് സെന്ററിന്റെ ഉദ്ഘാടനം മദ്രാസ് റജിമന്റ് കേണൽ ലെഫ്റ്റനന്റ് ജനറൽ മൻജിന്ദർ സിംഗ് നിർവ്വഹിച്ചു. അഞ്ച് ഡയാലിസിസ് മെഷീനുകൾ ആണ് സെന്ററിൽ സജ്ജീകരിച്ചിരിക്കുന്നത്. ആദ്യ ഘട്ടത്തിൽ രണ്ടു ഷിഫ്റ്റ്കളിലായി 8 പേർക്ക് ഡയാലിസിസ് നടത്താം.

***************************

## ശബരിമല

മീനമാസ പൂജക്കായി ശബരിമല ക്ഷേത്ര നട നാളെ തുറക്കും. പൂജകൾ പൂർത്തിയാക്കി 19-ന് അടക്കുന്ന നട പൈങ്കുനി ഉത്രം ഉത്സവത്തിനായി 22-ന് വീണ്ടും തുറക്കും. 23-നാണ് പൈങ്കുനി ഉത്രം ഉത്സവം കൊടിയേറുന്നത്. ഏപ്രിൽ ഒന്നിന് പമ്പയിൽ ആറാട്ടോടുകൂടി ഉത്സവം സമാപിക്കും.

***************************

## ഓഹരി സ്വർണം

രാജ്യത്തെ ഓഹരി വിപണകളിൽ നഷ്ടം. സെൻസെക്സ് 694 പോയിന്റ് നഷ്ടത്തിൽ 75,339 ലും നിഫ്റ്റി 241 പോയിന്റ് ഇടിഞ്ഞ് 23,402 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണവില കുറഞ്ഞു. പവന് 720 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 18,240 രൂപയും ഗ്രാമിന് 14,780 രൂപയുമാണ് ഇന്നത്തെ വില.

**************************************************************************
********

PNU TVPM